"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അവർഡ് തുക കക്ഷിയായ ശ്രീ. തുളസീധരന് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1342/2024/LSGD തിരുവനന്തപുരം, തീയതി, 25-07-2024**

---

പരാമർശം:-
1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 15/11/2023-ലെ എസ്1/909/2021/ടിഡ (3) നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം.840/2024/ത.സ്വ.ഭ.വ, തീയതി 09/05/2024
3. സ.ഉ.(സാധാ) നം. 5019/2024/ധന, തീയതി 25/06/2024

**ഉത്തരവ്**

തലസ്ഥാന നഗരവികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപ്പാസ് റോഡ് വികസനത്തിനായി, സെക്രട്ടറി തിരുവനന്തപുരം വികസന അതോറിറ്റി അർത്ഥനാധികാരിയായി, ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. തുളസീധരൻ സമർപ്പിച്ച അപേക്ഷയിൽ തിരുവനന്തപുരം ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 14,82,325/- രൂപ (പതിനാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മുന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2). ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപ്പാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരമുള്ള അപേക്ഷയിന്മേൽ ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 14,82,325/- രൂപ കക്ഷിയായ ശ്രീ. തുളസീധരന് അനുവദിക്കുന്നതിന് പരാമർശം (2) സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ പരാമർശം (3) സർക്കാർ ഉത്തരവ് പ്രകാരം അധിക ധനാനുമതിയായി 14,83,000/- രൂപ 4217-60-800-93 Payment of Compensation in LAR Cases (Plan- Charged) എന്ന ശീർഷകത്തിൽ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3). മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധികധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - എൻ.എച്ച്. ബൈപ്പാസ്

റോഡിന്റെ വികസനത്തിനായി ഏറ്റെടുത്ത തിരുവനന്തപുരം താലൂക്കിൽ കടകംപള്ളി വില്ലേജിൽ സർവ്വെ നം. 1673 (എൽ.എ. റീസർവ്വെ 153/21)-ൽ ഉൾപ്പെട്ട 0.30 ആർസ് സ്ഥലത്തിന് കക്ഷിയായ ശ്രീ. തുളസീധരന് (T.C.79/2503, വാറുവിളാകത്ത് വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം) അവാർഡ് തുകയായ 14,82,325/- രൂപ (പതിനാല് ലക്ഷത്തി എൺപത്തി രണ്ടായിരത്തി മൂന്നൂറ്റി ഇരുപത്തിയഞ്ച് രൂപ മാത്രം) 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4). പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ജില്ലാ കളക്ടർ, തിരുവനന്തപുരം
സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി.
ശ്രീ. തുളസീധരൻ, T.C.79/2503, വാറുവിളാകത്ത് വീട്, വെൺപാലവട്ടം, ആനയറ പി.ഒ., തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ ഇ.&ആർ.എസ്.എ.), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (WCD-3/107/2024-FIN. dated 06.07.2024)
തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ് (IA2/191/2023/LSGD)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ.& പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ).
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (RE1/146/2024-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 25-07-2024 14:45:09
സെക്ഷൻ ഓഫീസർ